(സി) എളനാട് വില്ലേജിൽനിന്ന് 5137 ക. 8 ന. 1 പൈയും വെഞ്ഞൂർ വില്ലേജിൽനിന്ന് 1078 ക. 13 അണയും ഭൂനികുതി ലഭിക്കുന്നു. എളനാട് വില്ലേജിൽനിന്ന് ലഭിച്ച നിരോധനനികുതി 866 ക. 2 ന. 7 പൈയാണ്. വെഞ്ഞൂർ വില്ലേജിൽനിന്നും നിരോധനനികുതിയില്ല.

(ഡി) മേച്ചിൽസ്ഥലം ഇല്ല.

(ഇ) ഇല്ല.

ചങ്ങനാശ്ശേരി റോഡിനോടും, തോടിനോടും ചേർന്ന കാളനിസ്ഥലങ്ങൾ.

272. [36] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ–ചങ്ങനാശ്ശേരി റോഡിനോടും, തോടിനോടും ചേർന്ന കാളനിസ്ഥലത്തിൽ എന്തു നീളം, വീതി, വിസ്തീർണ്ണം ഭാഗത്തിന്റെ നികുതിപണി പൂർത്തിയായിട്ടുണ്ട് ;

(ബി) അപ്രകാരം പൂർത്തിയായിട്ട് എത്ര കാലമായി ;

(സി) പണി പൂർത്തിയായ ഭാഗം കാളനൈസേഷൻ പദ്ധതി അനുസരിച്ച് ഇതേവരെയും ഭൂമിരഹിതരായ ആളുകൾക്ക് കൊടുക്കാതിരിക്കാൻ കാരണമെന്ത് ; ഉടൻതന്നെടി സ്ഥലം ചെറിയ പ്ലോട്ടുകളായി ഭൂമിരഹിതരായ കർഷകത്തൊഴിലാളികൾക്ക് കൊടുക്കുവാൻ വേണ്ട നടപടി എടുക്കുമോ ?

ഉത്തരം.

(എ) ആറരമൈൽ നീളം, 50 അടി വീതിക്ക് (39·4 ഏക്കർ) റോഡിന്റെ വടക്കുഭാഗത്തും, ആറര മൈൽ നളം, 30 അടി വീതി (23.6 ഏക്കർ) റോഡിന്റെ തെക്കുഭാഗത്തും, മനയ്ക്കൽചിറ മുതൽ കൊന്നാങ്കര വരെ നികുതിപണി പൂർത്തിയായിട്ടുണ്ട്.

(ബി) രണ്ടു വർഷമായി.

(സി) ഈ സ്ഥലം ഭൂമിരഹിതരായ ആളുകൾക്ക് വീതിച്ചു കൊടുക്കാൻ വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ചങ്ങനാശ്ശേരി ഐ. പി. എം. എസ്സ്. ആഫീസ്.

273. [37] ശ്രീ. എൻ. പരമേശ്വരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ഗവണ്മെൻറ് ഹൈസ്കൂൾ കെട്ടിടത്തിൽ നിന്നും ഐ. പി. എം. എസ്സ്. ആഫീസ് മാറ്റി സ്ഥാപിക്കണമെന്ന് നാട്ടുകാരിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി നടത്തി ;

(ബി) സ്കൂളിൽ കൂടുതൽ ക്ലാസ്സുനടത്താൻ ഐ. പി. എം. എസ്സ്. ആഫീസിനു് ഉപയോഗിക്കുന്ന മുറികൾ ഒഴിഞ്ഞുകൊടുക്കാൻ നിർദ്ദേശിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly